പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2212 | 05.12.2018 ൽ മറുപടിക്ക്

## താനൂർ സി.എച്ച്.സി. യെ താലൂക്കാശുപത്രിയായി ഉയർത്തൽ

| ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | രോഗികളുടെ ബാഹുല്യവും മത്സ്യത്തൊഴിലാളി മേഖലയായ താനൂരിന്റെ പ്രത്യേകതയും കണക്കിലെടുത്ത് താനൂർ സി.എച്ച്.സി. യെ താലൂക്കാശുപത്രിയായി ഉയർത്തുന്നകാര്യം പരിഗണിക്കുമോ; | (എ)<br>&<br>(ബി) | പദവി ഉയർത്തുക എന്നതല്ല മറിച്ച് സംസ്ഥാനത്തെ വിവിധ ആരോഗ്യ സ്ഥാപനങ്ങളെ ഘട്ടംഘട്ടമായി തെരെഞ്ഞടുത്ത് പ്രദേശത്തെ ആകെ ജനവിഭാഗങ്ങളുടെയും ആരോഗ്യ പരിചരണവും രോഗചികിത്സയും ഉറപ്പാക്കുകയും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗീ സൗഹൃദമാക്കുക എന്നതാണ് ആർദ്രം പദ്ധതിയിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്. ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലും താനൂർ സി.എച്ച്.സി. ഉൾപ്പെട്ടിട്ടില്ല.<br><br>തിരൂർ താലൂക്കിലെ താനൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി 5 ഡോക്ടർമാരുടെ സേവനം നിലവിലുണ്ട്. ടി സാഹമൂഹികാരോഗ്യ കേന്ദ്രത്തിന്റെ 13 കിലോമീറ്റർ ചുറ്റളവിൽ തിരൂർ ജില്ലാ ആശുപത്രിയും 15 കിലോമീറ്റർ ചുറ്റളവിൽ തിരൂരങ്ങാടി താലൂക്കാശുപത്രിയും 16 കിലോമീറ്റർ ചുറ്റളവിൽ ബ്ലോക്ക് തല സ്ഥാപനമായ വളവന്നൂർ സാമൂഹികാരോഗ്യ കേന്ദ്രവും രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി സ്ഥിതിചെയ്യുന്നു. |
| (ബി) | എങ്കിൽ താനൂർ സി.എച്ച്.സി. യിൽ ഓപ്പറേഷൻ തിയറ്റർ ഉൾപ്പെടെ കൂടുതൽ സൗകര്യങ്ങളും സി.എച്ച്.സി ക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ